[Mr. P. C. George.]

(ബി) പത്തനംതിട്ടയിൽ ടെലിഫോൺ ഇല്ലെന്നുള്ളതു് ഗവണ്മെൻറിനറിയാമോ?

(സി) അറിയാമെങ്കിൽ അവിടെ ടെലിഫോൺ ഉടനെ സ്ഥാപിക്കാൻ വേണ്ടതു് ചെയ്യുമോ?

HON'BLE MR. K. R. ELANKATH (*a*) Yes.

(*b*) Yes.

(*c*) This work comes within the seven year scheme for telephone extension sanctioned in G. O. D. Dis No 1974/46 P. W. dated 9-10-1946. This Public Call Office is programmed for 1125 and work will be completed before the close of the year if materials become available.

റെൻറ് കൺട്രോൾ ആക്ററ്.

37. MR. P. C. GEORGE : താഴെ പറയുന്ന ചോദ്യങ്ങൾക്കു് റെൻറ് കൺട്രോൾ ആക്ററിൻെറ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കോഴഞ്ചേരി ടൌൺ റെൻറ് കൺട്രോൾ ആക്ററിൽ ഉൾപ്പെടുത്തിക്കൊടുക്കണമെന്നു അവിടെനിന്നും പൊതുജനങ്ങളുടെ ഹർജ്ജി കിട്ടിയിട്ടുണ്ടോ?

(ബി) കിട്ടിയിട്ടുണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

(സി) കോഴഞ്ചേരി ടൌൺ റെൻറ് കൺട്രോൾ ആക്ററിൽ ഉടനടി ഉൾപ്പെടുത്തുമോ?

HON'BLE MR. A. J. JOHN : (എ) പൊതുജനങ്ങളുടെ ഹർജ്ജി കിട്ടിയിട്ടില്ല. എന്നാൽ മർച്ചൻസ് അസോസിയേഷനിൽനിന്നും ഒരു നിവേദനം കിട്ടിയിട്ടുണ്ടു.

(ബി & സി) പ്രസ്തുത സംഗതി ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

സെൻട്രൽ റിക്കാർഡ്സിലെ നിയമനം.

38. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഹുസൂർ സെക്രട്ടറിയേററിൻെറ ചാർജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

(എ) ഹുസൂർ സെക്രട്ടറിയേററ് :സെൻട്രൽ റിക്കാർഡ്സിലെ നിയമനങ്ങൾക്കായി ഫ ൨ ൦ വൃശ്ചികത്തിൽ പബ്ലിക്കു് സർവീസ് കമ്മിഷണർ നടത്തിയ പരീക്ഷയിൽ എത്രപേർ പാസ്സായി എന്നും, അതിൽ പുലയസമുദായത്തിൽപ്പെട്ട ആരെങ്കിലും പാസ്സായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്തു റാങ്കു കിട്ടിയെന്നും ദയവായി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly